# KSFE OFFICERS' UNION THRISSUR

Registered Under Trade Union Act, 1926
Reg. No. 02/01/2015
e-mail : ksfeounews@gmail.com ● ksfeousc@gmail.com ● website : www.ksfeou.com

| President | Working President | General Secretary |
|---|---|---|
| **Adv. K.N. Balagopal Ex. M.P.** | **Adv. R. Raghavan Pillai** | **G. Thomas Panicker** |
| 9446545577 | 9447044889 | 9496584950 |


## സർക്കുലർ നമ്പർ 8/2018

12 - 04 - 2018

സഖാക്കളെ,

നമ്മുടെ സംസ്ഥാനകമ്മിറ്റി യോഗം 2018 ഏപ്രിൽ 5 ന് കൊല്ലം CITU ഓഫീസിൽ വച്ച് സംസ്ഥാനപ്രസിഡന്റ് സ.കെ.എൻ. ബാലഗോപാൽ Ex.MP യുടെ അദ്ധ്യക്ഷതയിലും വർക്കിംഗ് പ്രസിഡന്റ് സ.അഡ്വ.ആർ.രാഘവൻ പിള്ളയുടെ സാന്നിദ്ധ്യത്തിലും ചേർന്നു. സഖാക്കൾ കെ.ഗിരീശൻ. കെ, സോമശേഖരൻ നായർ, തമ്പി, ബാബു രാജ് എന്നിവർക്ക് ലീവ് അനുവദിച്ചു. കേരള മനഃസാക്ഷിയെ ഞെട്ടിച്ച സാമൂഹിക ദ്രോഹികൾ തല്ലിക്കൊന്ന ആദിവാസി സഹോദരൻ മധു, സിപിഐ (എം) പോളിറ്റ് ബ്യൂറോ അംഗമായിരുന്ന സ.മുഹമ്മദ് അമീൻ, കേന്ദ്രകമ്മിറ്റി അംഗം സ. ഖഗേൻ ദാസ്, ദക്ഷിണാഫ്രിക്കൻ വിമോചനപോരാളി വിന്നി മണ്ഡേല, വിഖ്യാത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്സ്, സ്വാതന്ത്ര സമരസേനാനിയായിരുന്ന ചൂളൂർ ഭാസ്കരൻ നായർ, തികഞ്ഞ മനുഷ്യ സ്നേഹിയും സാമൂഹിക പ്രവർത്തകനുമായ ചന്ദ്രദത്ത് മാഷ്, ചെറുകഥാകകൃത്ത് എം.സുകുമാരൻ, കാർട്ടൂണിസ്റ്റ് നാഥൻ, പ്രമുഖ ചലചിത്ര നടി ശ്രീദേവി, കലാമണ്ഡലം ഗീതാനന്ദൻ, മടവൂർ വാസുദേവൻ നായർ, നമ്മുടെ സജീവ പ്രവർത്തകനും തൃശ്ശൂർ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി മാനേജരുമായ സ.മോഹൻദാസ്, ആറ്റിങ്ങൽ ശാഖയിലെ സുനി, നെയ്യാറ്റിൻകര ശാഖയിലെ ബിജേഷ്, വിരമിച്ച മാനേജരും നമ്മുടെ പ്രവർത്തകനുമായിരുന്ന സലിം റാവുത്തർ, മുൻ എം.ഡി. രാമചന്ദ്രൻ, ശ്രീ.ചന്ദ്രനേനൻ, വാളകം ശാഖയിലെ ഏജന്റ് അച്ചൻ കുഞ്ഞ് എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ജന.സെക്രട്ടറി പ്രവർത്തനറിപ്പോർട്ടും ട്രഷറർ വരവു ചിലവു കണക്കും അവതരിപ്പിച്ചു.

### ഏപ്രിൽ 2 ന്റെ പണിമുടക്ക്

നോട്ടുനിരോധനവും GST യും നടപ്പിലാക്കി ഇൻഡ്യൻ ജനതയെ മുഴുവൻ ദുരിതത്തിലാക്കിയ ബി.ജെ.പി സർക്കാർ നിലവിലുള്ള തൊഴിൽ സുരക്ഷിതത്വത്തെ അട്ടിമറിച്ച് ഇനി മുതൽ സ്ഥാപനങ്ങൾക്ക് അവരുടെ ജീവനക്കാരെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാൻ അനുമതി നല്കുന്ന തരത്തിൽ ഹയർ & ഫയർ (hire & fire) സിസ്റ്റത്തിനാണ് ഇപ്പോൾ നിയമനിർമ്മാണം നടത്തിയിട്ടുള്ളത്. ഏതൊരു നിശ്ചിത കാലയളവിലേയ്ക്കും തൊഴിലുടമകൾക്ക് നിയമിക്കുന്നതിനും നോട്ടീസ്പോലും നല്കാതെ പിരിച്ചുവിടാൻ അധികാരം നല്കുന്നനിയമനിർമ്മാണമാണ് നടത്തിയിട്ടുള്ളത്. പത്തുകോടി പുതിയ തൊഴിൽ വാഗ്ദാനം ചെയ്ത ബി.ജെ.പി സർക്കാർ ഉള്ള തൊഴിലും അസ്ഥിരപ്പെടുത്തുന്ന കടുത്ത തീരുമാനമാണ് എടുത്തിട്ടുള്ളത് . തൊഴിൽ സ്ഥിരത എന്നവകാശപ്പെടുന്ന സർക്കാർ മേഖലയിലെ ജീവനക്കാർക്കും ഭീഷണിയാണിത്. രാജ്യത്തെ തൊഴിലാളികൾ ഒന്നടങ്കം എതിർത്തിട്ടും സർക്കാരിന് അത് ഒരു പ്രശ്നമേയല്ല. കേരളത്തിലെ തൊഴിലാളികൾ അതിശക്തമായ താക്കീതാണ് ഏപ്രിൽ 2 ന്റെ പണിമുടക്കിലൂടെ കേന്ദ്ര സർക്കാരിന് നല്കിയിട്ടുള്ളത്. നമ്മുടെ എല്ലാ അംഗങ്ങളും പണിമുടക്കിൽ പങ്കെടുത്തു. സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായും സ്തംഭിച്ചു. പണിമുടക്ക് വൻ വിജയമാക്കിയ ജീവനക്കാരെ സംസ്ഥാന കമ്മിറ്റി ഊഷ്മളമായി അഭിവാദ്യം ചെയ്തു.

### പ്രൊമോഷൻ ടെസ്റ്റ്

മാനേജർ തസ്തികയിൽ കഴിഞ്ഞ 6 മാസക്കാലമായി 50 ലേറെ ഒഴിവുകൾ ഉണ്ടായിട്ടും അടിയന്തിരമായി പ്രൊമോഷൻ ടെസ്റ്റ് നടത്തി അർഹരായവർക്ക് പ്രൊമോഷൻ നല്കണമെന്ന് നാം അവശ്യപ്പെട്ടിരുന്നു. പരീക്ഷ ഏജൻസിയെ തീരുമാനിക്കുന്ന കാര്യത്തിൽ അനന്തമായി നീട്ടികൊണ്ടുപോകുകയാണ് ചെയ്തത്. ഇനിയും പരീക്ഷ വൈകിച്ചാൽ നാം ശക്തമായ പ്രക്ഷോഭ പരിപാടികൾ ആരംഭിക്കുമെന്ന് മുന്നറിയിപ്പ് നല്കിയതിനെതുടർന്നാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) ഏജൻസിയായി തിരഞ്ഞെടുത്തതും മെയ് 12 ന് പരീക്ഷ നടത്താൻ തീരുമാനിച്ചതും. പ്രൊമോഷൻ ടെസ്റ്റ് സ്വതന്ത്രവും സുതാര്യവുമായി നടത്തണമെന്ന് നാം ആവശ്യപ്പെട്ടിട്ടുണ്ട്.

### സംഘടനയുടെ ആസ്ഥാനമന്ദിരം യാഥാർത്ഥ്യമാകുന്നു

തിരുവനന്തപുരം റീജിയണൽ ഓഫീസിനു സമീപം 7 സെന്റ് വസ്തുവും അതിലുള്ള കെട്ടിടവും നമ്മുടെ സംസ്ഥാനകമ്മിറ്റി ഓഫീസിനായി വാങ്ങുന്നതിന് തീരുമാനിച്ചു. 2 ലക്ഷം രൂപ മുൻകൂർ നല്കി ഒരു മാസത്തിനകം വാങ്ങുന്നതിനായി വിൽപ്പനകരാർ എഴുതിയിട്ടുണ്ട്. തിരുവനന്തപുരത്ത് ഒരു ആസ്ഥാനമന്ദിരം വാങ്ങുക എന്നത് നമ്മുടെ ഒരു ചിരകാല അഭിലാഷമായിരുന്നു. നമ്മുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള കെട്ടിടം പുനരുദ്ധരിക്കേണ്ടതുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് നമ്മുടെ എല്ലാ അംഗങ്ങളിൽ നിന്നും 1000 രൂപ വീതം കെട്ടിട ഫണ്ടായി പിരിക്കുന്നതിന് തീരുമാനിച്ചു. ഏപ്രിൽ മാസത്തെ ശമ്പളത്തിൽനിന്നും ഈ തുക പിരിച്ചെടുത്ത് അടിയന്തിരമായി ജില്ലാ കമ്മിറ്റികൾ സംസ്ഥാന ട്രഷറർക്ക് കൈമാറേണ്ടതാണ്. പുനരുദ്ധാരണത്തിന് തികയാതെ വരുന്ന 10 ലക്ഷം രൂപ എല്ലാ ജില്ലാ കമ്മിറ്റികളിൽ നിന്നും സമാഹരിക്കാൻ തീരുമാനിച്ചു.

### ജില്ലാ കൺവെൻഷൻ

കഴിഞ്ഞ സംസ്ഥാനകമ്മിറ്റി തീരുമാനപ്രകാരം ബഹു ഭൂരിപക്ഷം ജില്ലകളിലും പ്രവർത്തക കൺവെൻഷനുകൾ ചേർന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് മാനേജ്മെന്റിന് നല്കുന്നതാണ്. ഇനിയും ചേർന്നിട്ടില്ലാത്ത ജില്ലകളിൽ അടിയന്തിരമായി വിളിച്ചുചേർക്കേണ്ടതാണ്.

## സ്ഥാപനത്തിന്റെ പ്രവർത്തനം കുറ്റമറ്റതും കാര്യക്ഷമവുമാക്കുക.

നമ്മുടെ സ്ഥാപനം ചിട്ടി ബിസിനസ്സ് 2017-18 ൽ 484 കോടി രൂപയാണ് നിശ്ചയിച്ചിരുന്നത്. ഇത് 495 കോടി രൂപയിലെത്തിക്കാനായി. ഇത് ജീവനക്കാരുടെ കഠിനാധ്വാനം ഒന്നുകൊണ്ട് മാത്രമാണ് ഈ പ്രതികൂല സാഹചര്യങ്ങളിലും നേടാനായിത്. 2018-19 വർഷത്തെ ചിട്ടി ബിസിനസ്സ് ലക്ഷ്യം 630 കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ കുടുംബ ശ്രീ ചിട്ടിയിലൂടെ സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.. 100 കോടി രൂപ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. നറുക്കു-ലേല ചിട്ടികളുടെ സ്വീകാര്യത കണക്കിലെടുത്ത് അടിയന്തിരമായി എല്ലാ ശാഖകളിലും നറുക്കു-ലേലചിട്ടികൾ ആരംഭിക്കുന്നതിന് തീരുമാനിക്കണം സ്ഥാപനത്തിന്റെയും കേരള ജനതയുടേയും സ്വപ്നപദ്ധതിയായ പ്രവാസി ചിട്ടിയിലൂടെ 100 കോടി രൂപ ഈ വർഷത്തെ ലക്ഷ്യം നിശ്ചയിക്കണമെന്നാണ് സംഘടനയുടെ അഭിപ്രായം. വിദേശ മലയാളികളുടെ പ്രതികരണത്തിനനുസരിച്ച് വരും വർഷങ്ങളിൽ ഉയർന്ന ലക്ഷ്യം നിശ്ചയിക്കാനാകും. ഫലത്തിൽ പരമ്പരാഗതമായി നടത്തുന്ന ചിട്ടി പദ്ധതികളുടെ വാർഷിക ലക്ഷ്യം 400 കോടിയായി നിജപ്പെടുത്തണമെന്നാണ് സംഘടനയുടെ അഭിപ്രായം. ചിട്ടിവിളിച്ചെടുക്കാത്തവരുടെ കുടിശ്ശിക നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരേണ്ടതാണ്.

വായ്പാ പദ്ധതികളെ കൂടുതൽ ആകർഷകമാക്കി നിക്ഷേപ-വായ്പാ അനുപാതം വർദ്ധപ്പിക്കുന്നതിന് ഈ സാമ്പത്തിക വർഷം പ്രത്യേക ഊന്നൽ കൊടുക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ബിസിനസ്സ് ലക്ഷ്യം പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി ബിസിനസ്സ് കമ്മിറ്റി വിളിച്ചുചേർക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടുന്നതാണ്.

## റിക്കവറി നടപടികൾ ശക്തിപ്പടുത്തുക

2017 ൽ 'ഇളവ്' പദ്ധതിയും 2018 ൽ അദാലത്തും പ്രഖ്യാപിച്ചിട്ടും കമ്പനിയുടെ കുടിശ്ശിക ക്രമാതീതമായി വർദ്ധിക്കുകയാണ്. ഫലപ്രദമായ റിക്കവറി നടപടികൾ തീരുമാനിക്കേണ്ടതാണ്.

### DEFAULT POSITION

| Scheme | 31.03.2017 | | 31.03.2018 | |
|---|---|---|---|---|
| | Amt in Cr. | % | Amt in Cr. | % |
| Chitty | 798 | 53 | 928 | 56 |
| NCL | 416 | 31 | 485 | 33 |
| KPL/RCL | 148 | 9 | 190 | 11 |
| Gold Loan | 383 | 49 | 309 | 43 |
| Non prized Default | 2653 | 177 | 2843 | 175 |
| RR outstanding | 727 | | 1090 | |

മുമ്പ് കുടിശ്ശിക പിരിവ് ലക്ഷ്യമാക്കി ഡിഫാൾട്ട് റിക്കവറി മാനേജർ (DRM) തസ്തികകൾ ഏറെ ഫലപ്രദമായിരുന്നു. വീണ്ടും അത്തരം തസ്തികകൾ സൃഷ്ടിച്ച് കുടിശ്ശിക പിരിവിന് ഊന്നൽ നല്കേണ്ടതാണ്. അദാലത്തിൽ അർഹരായവർക്കാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കുടിശ്ശിക വിഭാഗത്തിന് പ്രത്യേക സോഫ്റ്റ് വെയർ രൂപകൽപ്പനചെയ്യേണ്ടതാണ്. ഹെഡാഫീസ്- ഡെപ്യൂട്ടി തഹസിൽദാർ ഓഫീസ് പൂർണ്ണമായും ഓൺ ലൈൻ സംവിധാനത്തിലാക്കണം.

## CASBA പ്രവർത്തനം കൂടുതൽ ആധുനികവൽക്കരിക്കുക.

CASBA സംവിധാനം പൂർണ്ണമായും ഓൺലൈനായി പ്രവർത്തിക്കുന്നുവെന്ന് അവകാശപ്പെടുമ്പോഴും വാർഷിക സ്റ്റേറ്റ്മെന്റുകൾ പലതും മാനുവലായി തയ്യാറാക്കുകയാണ്. മാനേജ്മെന്റിന് ആവശ്യമായ റിപ്പോർട്ടുകൾ പലതും ഇപ്പോഴും ശാഖകളോട് ആവശ്യപ്പെടുകയാണ്. ഹെഡാഫീസിനെയും റീജിയണൽ ഓഫീസിനെയും ഇനിയും ബന്ധിപ്പിച്ചിട്ടില്ല. ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. customer app ഉം agent app ഉം ചർച്ചചെയ്തതല്ലാതെ നടപ്പിൽ വരുത്തിയിട്ടില്ല. CASBA പ്രവർത്തനത്തിന്റെ വേഗത വർദ്ധിപ്പിക്കാനായിട്ടില്ല. അടിയന്തിരമായി ഈ പോരായ്മകൾ പരിഹരിച്ച് ഇതര ധനകാര്യ സ്ഥാപനങ്ങളോട് കിടപിടിക്കുന്നതിന് സജ്ജമാക്കേണ്ടതാണ്.

നമ്മുടെ സ്ഥാപനത്തിന്റെ മുഖഛായമാറ്റുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആകർഷകമായ കൗണ്ടറുകളും ശീതീകരിച്ച ഓഫീസുകളുമായി സ്ഥാപനത്തിന്റെ 'മാറുന്ന മുഖം' യാഥാർത്ഥ്യമാകുകയാണ്. ഇത്തരം പ്രവർത്തനം നടക്കുമ്പോഴും കഴിഞ്ഞ 2 വർഷ ക്കാലമായി ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ശാഖകൾക്ക് നല്കാത്തത് ഏറെ പ്രതിഷേധാർഹമാണ്. അടിയന്തിരമായി ഇതിനു പരിഹാരമായില്ലെങ്കിൽ നാം ശക്തമായ നിലപാട് സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നല്കുകയാണ്. ഇതോടൊപ്പം 2017 ലെ പെർഫോർമെൻസ് ഇൻസെന്റീവ് പരിധി, ശമ്പള നിർണ്ണയത്തിലെ അപാകത, കാമ്പയിൻ ചിട്ടികളുടെ ഭാഗമായി ജീവനക്കാർക്ക് നല്കേണ്ട പാരിതോഷികം എന്നിവയ്ക്ക് അടിയന്തിര പരിഹാരമായില്ലെങ്കിൽ ആവശ്യമായ സംഘടനാ നിലപാടുകൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2018 ലെ മാനേജർ പൊതു സ്ഥലമാറ്റം ഏപ്രിൽ ആദ്യവാരം തന്നെ പുറത്തിറക്കിയ മാനേജ്മെന്റ് നടപടി അഭിനന്ദനാർഹമാണ്. അസിസ്റ്റന്റ് മാനേജർ സ്ഥലമാറ്റവും അടിയന്തിരമായി ഉത്തരവാകണമെന്ന് അവശ്യപ്പെടുകയാണ്. സ്ഥാപനത്തിന്റെ വിവിധ ശാഖകളിൽ ആവശ്യമായ ജീവനക്കാരെ വിന്യസിക്കുന്നതിനും ശാസ്ത്രീയമായ സ്റ്റാഫ് നോംസ് ചർച്ച ചെയ്ത് അംഗീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

സ്ഥാപനത്തിന്റെ സമഗ്രമായ വികസനത്തിനും ജീവനക്കാരുടെ അവകാശപ്പോരാട്ടങ്ങൾക്കും സമർപ്പിതമായ പ്രവർത്തനങ്ങൾ നമുക്ക് ഓരോരുത്തർക്കും ഏറ്റെടുക്കാം.

അഭിവാദനങ്ങളോടെ

**തോമസ് പണിക്കർ ജി.**

ജനറൽ സെക്രട്ടറി